## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 556 11.06.2013 ലെ മറുപടിയ്ക്ക്**

## വിൽപ്പന നികുതി കുടിശ്ശിക.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ഹംസ | | ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | 2012-13-ൽ വിൽപ്പന നികുതിയിനത്തിൽ എത്ര തുക ലഭിച്ചു; | (എ) | 2012-13-ൽ വാണിജ്യനികുതി വകുപ്പിൽ വിവിധ നികുതിയിനങ്ങളിലായി 22885.83 കോടി രൂപ ലഭിച്ചു. |
| (ബി) | പ്രസ്തുത വർഷത്തിൽ എത്ര വിൽപ്പന നികുതി കുടിശ്ശികയ്ക്ക് സർക്കാർ സ്റ്റേ അനുവദിച്ചു; വിശദമായ സ്റ്റേറ്റ്മെന്റ് നൽകാമോ ; | (ബി) | പ്രസതുത വർഷത്തിൽ വാണിജ്യനികുതി വകുപ്പിൽ 592 നികുതി കേസുകളിൽ സർക്കാർ കണ്ടീഷണൽ സ്റ്റേ, ഇൻസ്റ്റാൾമെന്റ് എന്നിവ അനുവദിച്ചു. വിശദമായ സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | കുടിശ്ശിക നികുതി പിരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; അതിൻപടി എത്ര തുക പിരിച്ചെടുത്തു ; 31-03-2013-ലെ കണക്ക് പ്രകാരം വിൽപന നികുതി കുടിശ്ശികക്കാരുടെ വിശദമായ ലിസ്റ്റ് പ്രസിദ്ധീകരിക്കാമോ? | (സി) | കുടിശ്ശിക പിരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>1) വാണിജ്യ നികുതി ഓഫീസർമാരുടെ സമ്മേളനങ്ങൾ നേരിട്ട് വിളിച്ചുകൂട്ടി നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകി. കോടതി, വിവിധ അപ്പീൽ അധികാരികൾ എന്നിവർ നൽകിയിട്ടുള്ള സ്റ്റേ ഉത്തരവുകൾ നീക്കി കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>2) റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി വാണിജ്യ നികുതി കമ്മീഷണർ ജില്ലാകളക്ടർമാർക്ക് നിർദ്ദേശം |

നല്കിയിട്ടുണ്ട്. നികുതി നിയമത്തിലെ അധികാരം ഉപയോഗിച്ച് ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർമാരും റവന്യൂ റിക്കവറി നടപടികൾ നടത്തിവരുന്നു.

3) ഹൈക്കോടതിയിൽ സ്റ്റേ ഉള്ള കേസ്സുകൾ വേഗം തീർപ്പ് കൽപ്പിക്കുന്നതിനുവേണ്ടി അഡ്വക്കേറ്റ് ജനറലുമായി മീറ്റിംഗ് വിളിച്ച് സ്റ്റേ മാറ്റിക്കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനു പുറമെ 31-3-2005 വരെയുള്ള പൊതു വിൽപനനികുതി നിയമപ്രകാരമുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി പുതിയ ആംനെസ്റ്റി സ്കീംപ്രകാരമുള്ള തുടർ നടപടികളും സ്വീകരിച്ചുവരുന്നു.

അതിൻപടി 165.91 കോടി രൂപ പിരിച്ചെടുത്തു. 31.03.2013-ലെ കണക്ക് പ്രകാരമുള്ള കുടിശ്ശികക്കാരുടെ ലിസ്റ്റ് ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**